**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

edsectiondte@gmail.com / 04712561207

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ പിണറായി എജ്യൂക്കേഷൻ ഹബ്ബിൽ ആരംഭിക്കുന്ന സർക്കാർ പോളിടെക്നിക്ക് കോളേജിനായി അനുവദിക്കപ്പെട്ട മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിലേക്ക് സ്ഥലംമാറ്റവും, സ്ഥാനക്കയറ്റവും - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ഡി) വിഭാഗം

ഇഡി1/6467/2024/ഡിടിഇ തിരുവനന്തപുരം 29-07-2024

---

വായന:-1.04.09.2019 ലെ ഈ കാര്യാലയത്തിലെ ഇജി3/9406/19/ഡിടിഇ നമ്പർ സീനിയോറിറ്റി പട്ടിക

2.18.10.2021 ലെ സ.ഉ (കൈ) നം.458/2021/ഉവിവ നമ്പർ സർക്കാർ ഉത്തരവ്

3.03.05.2022 ലെ ഈ കാര്യാലയത്തിലെ എൽ1/27987/17/ഡിടിഇ നമ്പർ ഉത്തരവ്

4.19.07.2024 ലെ സ.ഉ (കൈ) നം.443/2024/ഉവിവ നമ്പർ സർക്കാർ ഉത്തരവ്

5.23.07.2024 ലെ കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിന്റെ ഇ3/1839/2022 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിൽ ആരംഭിക്കുന്ന വിദ്യാഭ്യാസ സമുച്ചയ പദ്ധതിയിൽ ഒരു സർക്കാർ പോളിടെക്നിക്ക് കോളേജ് കൂടി ഉൾപ്പെടുത്തി ആയത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിച്ച് കൊണ്ടും, ടി കോളേജിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും, സ്ഥാപനത്തിന്റെ അംഗീകാരം യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുമായി കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിനെ സ്പെഷ്യൽ ആഫീസറായി ചുമതലപ്പെടുത്തിയും വായന (2), (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

15 വിഭാഗങ്ങളിലായി 30 തസ്തികകൾ സൃഷ്ടിച്ച് പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി വായന (4) പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

വരുന്ന അധ്യയന വർഷം മുതൽ പ്രസ്തുത പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കം നടത്തുന്നതിനായി വായന (4) സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളിൽ സീനിയർ സൂപ്രണ്ട് അടക്കമുള്ള മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടി കോളേജിന്റെ സ്പെഷ്യൽ ആഫീസറായ കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾ വായന (5) പ്രകാരം അപേക്ഷിച്ചിരുന്നു.

അതിനാൽ, വായന (4) സർക്കാർ ഉത്തരവ് പ്രകാരം പിണറായി വിദ്യാഭ്യാസ സമുച്ചയ പദ്ധതിയിൽ ആരംഭിച്ച സർക്കാർ പോളിടെക്നിക്ക് കോളേജിനായി സൃഷ്ടിക്കപ്പെട്ടവയിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൌണ്ടൻറ്, മൂന്നു ക്ലാർക്ക് എന്നീ തസ്തികകളിലേക്ക് ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റവും, സ്ഥാനക്കയറ്റവും അനുവദിച്ച് പ്രസ്തുത തസ്തികകൾ നികത്തി കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര്, സ്ഥാപനം, പെൻ | സ്ഥലംമാറ്റം / സ്ഥാനക്കയറ്റം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | അഹമ്മദ് മൂപ്പൻ<br>സീനിയർ സൂപ്രണ്ട്<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,വയനാട്<br>പെൻ - 428693 | സീനിയർ സൂപ്രണ്ട്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,പിണറായി<br>(സ്ഥലംമാറ്റം) |
| 2 | അബ്ദുൾ റഹിമാൻ.കെ.എ<br>സീനിയർ ക്ലാർക്ക്,<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, പാലക്കാട്<br>(പെൻ - 197052) | ഹെഡ് അക്കൌണ്ടൻറ്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,പിണറായി<br>(₹ 39300 - 83000 വേതന നിരക്കുള്ള ഹെഡ് അക്കൌണ്ടൻറ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം) |
| 3 | ശ്രീപ്രസാദ്<br>ക്ലാർക്ക്<br>സർക്കാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കണ്ണൂർ | ക്ലാർക്ക്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,പിണറായി<br>(സ്ഥലംമാറ്റം) |
| 4 | രജനി.ടി<br>ക്ലാർക്ക് - ടൈപ്പിസ്റ്റ്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്, തോട്ടട,കണ്ണൂർ<br>പെൻ - 828634 | ക്ലാർക്ക്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,പിണറായി<br>(31.05.1990 ലെ സ.ഉ (പി) നം.20/90/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റം അനുവദിച്ച് കൊണ്ടുള്ള സ്ഥലംമാറ്റം) |
| 5 | ജിതിൻ.പി.സി<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്, തോട്ടട,കണ്ണൂർ<br>പെൻ - 803637 | ക്ലാർക്ക്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,പിണറായി<br>(സ്ഥലംമാറ്റം) |

ടി ഉദ്യോഗസ്ഥർ 17.08.2024 **നകം** കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾ മുൻപാകെ ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്

1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (ഡിടിഇ വെബ് സൈറ്റ് വഴി)
2.അക്കൌണ്ടൻറ് ജനറൽ, അക്കൌണ്ടൻറ് ജനറലിന്റെ കാര്യാലയം, കോട്ടയം
3.സൂപ്രണ്ട്, ജീവനക്കാര്യം (ജി), ഡിടിഇ
4.ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by
Shalij P R
Date: 29-07-2024 17:17:23

പകർപ്പ്

1.സി.എ, ഡയറക്ടർ
2.സി.എ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ